പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5381 — 28.07.2015-ലെ മറുപടിക്ക്

## ക്ഷീരമേഖല വികസനവും കന്നുകാലി ഫാമുകൾക്ക് പ്രോത്സാഹന പദ്ധതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ : | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരമേഖലയിൽ യുവജനങ്ങൾ കടന്നുവരുന്നതിന് വൈമുഖ്യം കാണിക്കുന്നതായ സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) പൊതുവെ കാർഷികവൃത്തിയോട് പുതു തലമുറയിൽപ്പെട്ട ചെറുപ്പക്കാർക്ക് വൈമുഖ്യം ഉണ്ടെങ്കിലും ക്ഷീരമേഖലയിൽ യുവജനങ്ങളായ സംരംഭകർ കടന്നുവരുന്നതായാണ് കാണുന്നത്. |
| (ബി) കന്നുകാലി ഫാമുകൾ നടത്തുന്ന ചെറുപ്പക്കാർക്ക് എന്തെല്ലാം തരത്തിലുള്ള പ്രോത്സാഹന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (ബി) വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലെ ഘടകങ്ങളായ ഡയറി യൂണിറ്റുകൾ, ഡയറി ഫാമിന്റെ ആധുനികവൽക്കരണം, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികൾ മുഖേന കന്നുകാലി ഫാം നടത്തുന്ന ചെറുപ്പക്കാർക്ക് ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) ക്ഷീരകർഷകർക്ക് ചെലവുകൾക്ക് അനുസരിച്ചുള്ള വരുമാനം പലപ്പോഴും ഇതിൽ നിന്നും ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചെലവുകൾ കുറച്ച് കൃഷി കൂടുതൽ ആകർഷണീയമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ; | (സി) ഉണ്ട്. ക്ഷീരോല്പാദനത്തിന്റെ ചെലവിന്റെ 75% വും തീറ്റക്കാണ് ആവശ്യമായി വരുന്നത്. ആയത് പരമാവധി കുറയ്ക്കുന്നതിനാവശ്യമായ തീറ്റപ്പുൽക്കൃഷി പദ്ധതിയും കൂലിച്ചെലവ് കുറയ്ക്കുന്നതിനായി കറവ, ക്ലീനിംഗ്, വെള്ളം നൽകൽ എന്നിവയ്ക്കുള്ള യന്ത്രസംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും കർഷകർക്ക് ധനസഹായം നല്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ഡി) ക്ഷീരമേഖലയിലേയ്ക്ക് കൂടുതൽ ചെറുപ്പക്കാർ കടന്നുവരുന്നതിന് വേണ്ടിയും കന്നുകാലി ഫാമുകൾക്ക് പ്രത്യേക സഹായം നല്കുന്ന രീതിയിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ ?. | (ഡി) ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ